**സബ്മിഷൻ**

**മിഷൻ 676 –ൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിക്കൽ**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് നില നിൽക്കുന്ന അത്യന്തം ഗൗരവമായ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താ നുദ്ദേശിക്കുകയാണ്. നമ്മുടെ പല പദ്ധതികളും സമയബന്ധിതമായി നടത്താ ത്തതുകൊണ്ട് കോടിക്കണക്കിന് രൂപ ഡെഡ് മണിയായി നിൽക്കുകയാണ്, പ്രയോജനം ലഭിക്കുന്നില്ല. പൂർത്തീകരണത്തിന് അഞ്ചും ആറും ഇരട്ടി കാശ് ചെലവാകുന്നു. ഇത് നിരന്തരമായി നടക്കുന്ന ഒരു പ്രതിഭാസമാണ്. വൻപദ്ധതികൾ അവസാനിപ്പിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന എക്സ്ക്യൂസ് പറയാം. പണിത കെട്ടിടം ഉപയോഗിക്കാൻ വേണ്ടത്ര ഉപകര ണങ്ങളോ ഉപകരണങ്ങളുള്ളിടത്ത് ഇവ പ്രവർത്തിപ്പിപ്പിക്കാൻ വേണ്ടത്ര ആളുകളോ ഇല്ലാതിരിക്കുന്നു. ഉദാഹരണമായി എന്റെ നിയോജക മണ്ഡല ത്തിൽപ്പെട്ട ഒന്നു രണ്ട് കാര്യങ്ങൾ പറയാം. എഞ്ചിനിയറിംഗ് കോളേജിലും കുട്ടനെല്ലൂർ ഗവൺമെന്റ് കോളേജിലും ലേഡീസ് ഹോസ്റ്റലിന്റെ കെട്ടിടം പണിതിട്ട് മാസങ്ങളായി എന്നാൽ കട്ടിൽ വാങ്ങാൻ കാശില്ലാത്തതുകൊണ്ട് പെൺകുട്ടികൾ പായയിൽ കിടക്കേണ്ട സ്ഥിതിയാണ്. വയറിംഗ് നടക്കാത്തതു കൊണ്ട് ഇലക്ട്രിസിറ്റിയില്ല. സെയിൽസ് ടാക്സ് കോംപ്ലക്സ് ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തതാണ്. മൂന്നു വർഷം കഴിഞ്ഞു. കെട്ടിടം നിർമ്മിച്ചു. എന്നാൽ ഇന്റേണലായുള്ള ഡിവിഷൻസ് നടന്നില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. കിറ്റ്കോ പണി ഉപേക്ഷിച്ചുപോയി. ഒരു ലക്ഷം രൂപ വാടകയ്ക്ക് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. റവന്യൂ റിക്കവറി വന്ന് കളക്ടറുടെ കാർ ജപ്തി ചെയ്തു.

അതുപോലെ ജനറൽ ഹോസ്പിറ്റലിൽ കെട്ടിടം പണിതു. എന്നാൽ റാംപ് ഇല്ല. ലിഫ്റ്റിന് പ്രൊവിഷനില്ല. എണ്ണമറ്റ പരിപാടികൾ, കോടിക്കണക്കിന് സർക്കാർ രൂപ ഡെഡ്മണിയായി പ്രയോജനമില്ലാതെ കിടക്കുന്നു. അങ്ങയുടെ ഭാവനാപൂർണ്ണമായ 676 മിഷൻ പരിപാടിയിൽ ഇത് ഉൾപ്പെടുത്തി, നമ്മുടെ സംസ്ഥാനത്ത് 60 ശതമാനത്തിലധികം പണി കഴിഞ്ഞ പരിപാടികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടികൂടി ഉൾപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞത് വളരെ ഗൗരവകരമായ കാര്യമാണ്. പല സ്ഥലത്തും കെട്ടിടം പണി പകുതിവഴിയിൽ ഉപേക്ഷിച്ചുപോയതുണ്ട്. ചിലത് ഇവിടെ സൂചിപ്പിച്ചതുപോലെ പണി പൂർത്തിയാക്കിയതിന് ശേഷം ഇലക്ട്രിസിറ്റി കണക്ഷനില്ല അല്ലെങ്കിൽ ഫർണിച്ചറില്ല, റോഡ് ശരിയായില്ല എന്നീ കാരണങ്ങളാൽ ഉപയോഗ പ്രദമാകാതെ കിടക്കുന്നു. അവിടെ നമ്മൾ മുടക്കിയ കാശ് മുഴുവൻ ഡെഡ് മണിയായി കിടക്കുകയാണ്. അതുകൊണ്ട് മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയ കാര്യം വളരെ ഗൗരവമായി കാണുന്നു. മിഷൻ 676-ൽ പരിപാടികളെല്ലാം ഫിക്സ് ചെയ്തു കഴിഞ്ഞു. 14,500 കോടി രൂപയുടെ പദ്ധതികളാണ് പി.ഡബ്ല്യു.ഡി ഉൾപ്പെടുത്തിയിരിക്കുന്നത്. 23 റോഡുകൾ സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി 6,000 കോടി രൂപയുടെ പരിപാടി, തിരുവന്തപുരത്തും കോഴിക്കോടും നടപ്പാക്കുന്ന 6,000 കോടി രൂപയുടെ മോണോ റെയിൽ, ദേശീയപാതാ വികസനം 2,500 കോടി രൂപ. അങ്ങനെ അത് ഫൈനലൈസ് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം ഗൗരവമായെടുക്കുന്നു. ഇവിടെ വച്ച് പറയുന്നതിന് പുറമെ എല്ലാ

എം.എൽ.എ മാർക്കും കത്തയയ്ക്കാം. അവരവരുടെ നിയോജക മണ്ഡലങ്ങളിൽ പണി പൂർത്തിയായതോ പണിപൂർത്തിയാക്കേണ്ടതായോ ഉള്ള വർക്കുകൾ ഉപേക്ഷിക്കപ്പെട്ട നിലയിലുണ്ടെങ്കിൽ അത് ചൂണ്ടികാണിച്ചാൽ ഞാൻ തന്നെ അത് ബന്ധപ്പെട്ട മന്ത്രിമാരുമായി സംസാരിച്ച് നേരിട്ട് പരിശോധിച്ച് പണികൾ തുടർന്ന് മുന്നോട്ട് കൊണ്ടു പോകാനും നമുക്ക് ഏറ്റവും വേഗത്തിൽ അതിന്റെ പ്രയോജനം കിട്ടുകയും ചെയ്യത്തക്ക വിധത്തിൽ ഇക്കാര്യം പ്രത്യേകമായെടുക്കുന്നതായിരിക്കും.

<u>എൽ.പി.എസ്.എ. തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ (പി.എസ്.സി.) വഴിയുള്ള നിയമനം</u>

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, മലപ്പുറം ജില്ലയിലെ എൽ.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ ഒഴിവുകളിലേയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചുവെങ്കിലും ഇതുവരെ ആരെയും നിയമിക്കാൻ തയ്യാറായിട്ടില്ല. അവരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പട്ടികവർഗ്ഗക്കാർക്കായുള്ള എൻ.സി.എ. വേക്കൻസിക്കാണ് നോട്ടിഫിക്കേഷൻ നടത്തിയത്. പട്ടികവർഗ്ഗക്കാരില്ലെങ്കിൽ പട്ടികജാതിക്കാരെ പരിഗണിക്കണമെന്ന് അതിൽ പറഞ്ഞിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ടെസ്റ്റും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. 24.03.2014-ന് റാങ്ക് ലിസ്റ്റിലുൾപ്പെട്ടിരുന്ന അഞ്ച് പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിയിൽപ്പെട്ട 44 പേർക്കും അഡ്വൈസ് മെമ്മോ അയയ്ക്കുകയും ചെയ്തു. എന്നാൽ പി.എസ്.സി. അഡ്വൈസ് ചെയ്ത ആർക്കും നിയമനോത്തരവ് നൽകാൻ മലപ്പുറം വിദ്യാഭ്യാസ

ഡെപ്യൂട്ടി ഡയറക്ടർ ഇതുവരെ തയ്യാറായിട്ടില്ല. നിലവിൽ ഒഴിവുകളൊന്നുമില്ലെന്നും അതുകൊണ്ട് നിയമിക്കാൻ കഴിയില്ലെന്നുമാണ് അന്വേഷിച്ചപ്പോൾ പറഞ്ഞത്. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവർക്ക് പ്രത്യേകമായി റിസർവേഷൻ ചെയ്ത ഈ പോസ്റ്റിലേയ്ക്ക് മറ്റ് ഉദ്യോഗാർത്ഥികളെ നിയമിച്ചതിന്റെ ഫലമായി ഈ വിഭാഗത്തെ നിയമിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഉദ്യോഗാർത്ഥികൾ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. അവരെ നിയമിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാത്തുമൂലം എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികൾ നിരന്തരം പി.എസ്.സി. ഓഫീസിൽ കയറിയിറങ്ങുകയാണ്. അതുകൊണ്ട് ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് പി.എസ്.സി. അഡ്വൈസ് ചെയ്ത മുഴുവൻ എസ്.സി./എസ്.ടി. ഉദ്യോഗാർത്ഥികളെയും എത്രയും പെട്ടെന്ന് നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ സർവ്വീസിൽ എസ്.സി./എസ്.ടി. യുടെ പ്രാതിനിധ്യം കുറഞ്ഞുവരുന്നുവെന്നാണ് അടുത്തയിടെ കില നടത്തിയ ഒരു പഠനത്തിൽ പറയുന്നത്. 10% വേണ്ട സ്ഥാനത്ത് ഇപ്പോൾ 7.6% മാത്രമായി അവശേഷിക്കുകയാണ്. നിയമം മൂലം പ്രൈവറ്റ് സെക്ടറിലും റിസർവേഷൻ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ സർക്കാർ സർവ്വീസിൽ ഈ നിലപാട് സ്വീകരിക്കുന്നത് തികച്ചും ഈ ജനവിഭാഗത്തോടുള്ള അനീതിയാണെന്നു മനസ്സിലാക്കിക്കൊണ്ട് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എത്രയും പെട്ടെന്ന് ജോലി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ജില്ലയിലായതിനാൽ

അദ്ദേഹവും പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് ശരിയാണ്. 2007-2009 കാലഘട്ടത്തിൽ പി.എസ്.സി.–ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എൻ.സി.എ. വേക്കൻസി (No Candidate Available) കണക്കാക്കിയാണ് ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്. 49 ഉദ്യോഗാർത്ഥി കൾക്ക് അഡ്വൈസ് മെമ്മോ കിട്ടി. 2013-14 ലേയ്ക്കുള്ള തസ്തികകൾ പുനർ നിശ്ചയിച്ചപ്പോൾ മലപ്പുറം ജില്ലയിൽ 345 തസ്തികകളോളം കുറഞ്ഞുപോയി. അങ്ങനെ വന്നപ്പോൾ ഇവരെ നിയമിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം വന്നു. എസ്.സി./എസ്.ടി. വിഭാഗക്കാരെ മാത്രമല്ല ധീവര വിഭാഗത്തിൽപ്പെട്ട 6 പേർക്കും ജനറൽ വിഭാഗത്തിൽപ്പെട്ട 14 പേർക്കും നിയമനം നൽകാനുണ്ട്. പുതിയ ഫിക്സേഷൻ വന്ന സമയത്ത് സ്കൂളുകളിൽ 345 വേക്കൻസികളുടെ കുറവ് വന്നു. സ്കൂളുകളിൽ അധികമുണ്ടായത് 35 ഒഴിവുകളാണ്, അതായത് 310 തസ്തികകൾ അവിടെ കുറവ് വന്നു. ആ സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഏറ്റവും വേഗത്തിലെടുക്കുന്നതാണ്. അതിനുവേണ്ടി രണ്ടുമൂന്നു മാർഗ്ഗങ്ങൾ സഹിതം നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇവർക്ക് എത്രയും വേഗം പോസ്റ്റിംഗ് കൊടുക്കുന്നതായിരിക്കും.

## GAIL ന്റെ പ്രകൃതിവാതക പൈപ്പ് ലൈൻ മാറ്റിവയ്ക്കൽ

<u>ശ്രീമതി കെ. എസ്. സലീഖ:</u> സർ, ഷൊർണ്ണൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ട ഷൊർണ്ണൂർ നഗരസഭയിലും വാണിയംകുളം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിലുടെയുമാണ് GAIL-ന്റെ പൈപ്പ് ലൈൻ പദ്ധതി കടന്നുപോകുന്നത്. ജനങ്ങൾ വളരെയധികം തിങ്ങിപ്പാർക്കുന്ന പ്രദേശമാണിത്. ഈയടുത്ത കാലത്ത് ആന്ധ്രാപ്രദേശിൽ GAIL-ന്റെ പൈപ്പ് ലൈൻ പൊട്ടിത്തെറിച്ച് വലിയ അപകടം സംഭവിച്ചു. അവിടെ 18 ഇഞ്ച് വ്യാസമുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ പൊട്ടി 100 ടൺ വാതകത്തിന്റെ ചോർച്ചയാണുണ്ടായത്. എന്നാൽ ഷൊർണ്ണൂരിലൂടെ കടന്നുപോകുന്നത് 24 ഇഞ്ച് വ്യാസമുള്ള ട്രാൻസ്മിഷൻ ലൈനാണ്. അതിൽ അപകടം സംഭവിച്ചാൽ 4500 ടൺ ഗ്യാസാകും പുറത്തുപോകുക. അങ്ങനെയൊരു അപകടമുണ്ടായാൽ അതിഭീകരമായ ഒരു ദുരന്തത്തിനായിരിക്കും കേരളം സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. ഷൊർണ്ണൂർ നഗരസഭയെ പ്രദക്ഷിണം വച്ച് പോകുന്ന വിധത്തിലാണ് വാതക പൈപ്പ് ലൈനിന്റെ ഇപ്പോഴുള്ള പ്രവർത്തനം നടക്കുന്നത്. ഇതുപ്രകാരം ആ നഗരസഭയിലെ പരുത്തിപ്പാറ ഭാഗത്തെ 200 മീറ്റർ ചുറ്റളവിൽ 630 ലധികം ആളുകളും, കുറ്റിക്കാട് കോളനിയുടെ 200 മീറ്റർ ചുറ്റളവിൽ 1450 പേരും ചുടുവാലത്തൂരിന്റെ 200 മീറ്റർ ചുറ്റളവിൽ 830 പേരും കാരക്കാടിന്റെ 200 മീറ്റർ ചുറ്റളവിൽ 750 പേരെയും ഈ പൈപ്പ് ലൈൻ പോകുന്നതുമൂലം ഗുരുതരമായി ബാധിക്കും. ചുടുവാലത്തൂർ പ്രദേശത്ത് രണ്ടു വീടുകൾ തമ്മിലുള്ള അകലം 6 മീറ്റർ മാത്രമാണ്. ജനങ്ങൾക്കിടയിൽ വലിയ ആശങ്കയാണ് നിലനിൽക്കുന്നത്. 24 ഇഞ്ച് വ്യാസമുള്ള പൈപ്പുകളാണ് കടന്നുപോകുന്നത്, ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല.

പി ആന്റ് എം.പി. ആക്ട് തന്നെ പറയുന്നുണ്ട്, അതിന്റെ 7(1) എ,ബി,സി യുടെ നഗ്നമായ ലംഘനമാണ് ഇത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. അലൈൻമെന്റ് മാറ്റാതെ ഈ പദ്ധതി നടപ്പാക്കിയാൽ വലിയ പ്രതിസന്ധിയാകുമുണ്ടാകുക. ജനങ്ങളോടുള്ള ഒരു വലിയ വെല്ലുവിളിയായി ഗെയ്ൽ ഇത് ഏറ്റെടുക്കുകയാണ്. മലബാറിൽ കനോലി കനാൽ വഴി കൊണ്ടുപോകുന്നതിനെ സംബന്ധിച്ചുള്ള സാധ്യതാ പഠനം നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു. ആ രൂപത്തിൽ പാലക്കാട് ജില്ലയിലെ 17 പഞ്ചായത്തുകളെയും രണ്ടു മുനിസിപ്പാലിറ്റികളെയും ബാധിക്കുന്ന പ്രശ്നമായതിനാൽ ഭാരതപ്പുഴയുടെ ഓരത്തുകൂടി പോയാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമൊഴിവാക്കാൻ കഴിയും. തൃശ്ശൂർ ജില്ലയിൽ നിന്ന് പാലക്കാട് ജില്ലയിലേയ്ക്ക് വരുന്നത് ഭാരതപ്പുഴയെ ക്രോസ് ചെയ്തുകൊണ്ടാണ്. ഭാരതപ്പുഴയുടെ ഓരത്തുകൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുകയാണെങ്കിൽ ഇപ്പോൾ 100 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കേണ്ട സ്ഥാനത്ത് 50 കിലോമീറ്ററിൽ മതിയാകും. എന്തർത്ഥത്തിലും ലാഭമാണ്, മാത്രമല്ല ജനങ്ങളെ ബാധിക്കുന്ന പ്രശ്നം ഒഴിവാക്കാനും കഴിയും. ഈ വിഷയത്തിൽ ഗൗരവമായ ഇടപെടലുണ്ടാകണം. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും വാണിയംകുളം പഞ്ചായത്തിലും താമസിക്കുന്ന ജനങ്ങൾ ഇതിന്റെ പേരിൽ വലിയ ആശങ്കയിലാണ്. ആ രീതിയിലുള്ള ഒരു ഇടപെടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണം. മലബാർ മേഖലയിൽ നടത്തിയപോലെ ഭാരതപ്പുഴയുടെ ഓരത്ത് കൂടെ പൈപ്പ് കൊണ്ടുപോകുന്നതിനെ സംബന്ധിച്ചുള്ള ഒരു സാധ്യതാ പഠനം നടത്തുന്നതിനും വേണ്ടി തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, കേരളത്തിൽ GAIL സ്ഥാപിക്കുന്ന പ്രകൃതി വാതക പൈപ്പ് ലൈനിന്റെ റൂട്ട് 1962–ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ട് (പി ആന്റ് എം.പി.) പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് തീരുമാനിച്ചിരിക്കുന്നത്. ജനവാസകേന്ദ്രങ്ങൾ, കൃഷി സ്ഥലങ്ങൾ എന്നിവ പരമാവധി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് പൊതുവെ ശ്രമിക്കുന്നത്. എല്ലാവർക്കുമറിയാവുന്നതുപോലെ കേരളം വളരെ ജനസാന്ദ്രതയുള്ള സംസ്ഥാനമായതിനാൽ ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ല. പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിലും വാണിയംകുളം പഞ്ചായത്ത് പരിധിയിലും കൂടി കടന്നുപോകുന്ന പ്രദേശങ്ങളിൽ നോട്ടിഫൈ ചെയ്തിട്ടുള്ള ജനവാസ പ്രദേശങ്ങളെ പരമാവധി ഒഴിവാക്കാനായിട്ടുള്ള നടപടിയെടുത്തിട്ടുണ്ട്. വാണിയംകുളം I, II - വില്ലേജ് പരിധിയിൽപ്പെട്ട 7.19 ഉം 3 ഉം കിലോമീറ്റർ നീളത്തിൽ മുഴുവൻ മഹസർ തയ്യാർ ചെയ്തതിൽ, ആ പോകുന്ന റൂട്ടിൽ പാർപ്പിടങ്ങളും കെട്ടിടങ്ങളും പരമാവധി കുറച്ചിട്ടുണ്ടെന്നാണ് ഗവൺമെന്റിന് കിട്ടിയിട്ടുള്ള റിപ്പോർട്ട്. മറ്റേതെങ്കിലും സാധ്യതകളുണ്ടോയെന്ന് പരിശോധിക്കാം. ഈ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കാലതാമസം നേരിടുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ ഇവിടെ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. നമുക്കിത് വളരെ ആവശ്യമാണ്, അതേ സമയത്ത് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും വേണം. ഇത് രണ്ടിന്റെയും മധ്യത്തിൽ വളരെ ബുദ്ധിമുട്ടേറിയ സ്ഥിതിയാണിത്. ഇത് വൈകുപ്പോകുന്നുവെന്ന ആക്ഷേപം ഒരു വശത്തും ജനങ്ങൾക്കുണ്ടാകുന്ന

ആശങ്കയും ബുദ്ധിമുട്ടും മറുവശത്തും. ഇതിനെല്ലാം പരിഹാരമുണ്ടാക്കി ക്കൊണ്ട് ഒരു പോംവഴി കാണണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് കനാൽ വഴിയുള്ള നിർദ്ദേശം വന്നപ്പോൾ അതും പരിശോധിക്കാൻ തയ്യാറാ യിട്ടുള്ളത്. ഏത് നിലയിലും പരിശോധിച്ച് പരമാവധി എതിർപ്പില്ലാതാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

## അമ്പലമുകൾ എച്ച്.ഒ.സി.യിലെ പ്രതിസന്ധി

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട പൊതു മേഖലാ സ്ഥാപനവും ഇന്ത്യയിലെ മിനിരത്ന കമ്പനിയുമായ കൊച്ചിയിലെ അമ്പലമുകളിലുള്ള എച്ച്.ഒ.സി. ഇന്ന് വൻ സാമ്പത്തിക പ്രതിസന്ധി നേരിടു കയാണ്. എച്ച്.ഒ.സി.യിലെ പ്ലാന്റുകൾ അടച്ചിട്ടിട്ട് രണ്ടര മാസമായിരിക്കു കയാണ്. മാർച്ച് മാസം മുതൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളം മുടങ്ങിയതിനാൽ അവരും കടുത്ത ദുരിതത്തിലാണ്. കോടികളുടെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എച്ച്.ഒ.സി.യുടെ ഉത്പന്നങ്ങളായ ഫിനോൾ, അസിറ്റോൺ എന്നിവയുടെ ഇറക്കുമതി നിയന്ത്രണം 2012 മാർച്ച് മാസം മുതൽ എടുത്തുകളഞ്ഞതിനെത്തുടർന്നാണ് അമ്പലമുകൾ യൂണിറ്റ് നഷ്ട ത്തിലായത്. നഷ്ടത്തിലായതിനുശേഷം എല്ലാ ട്രേഡ് യൂണിയനുകളുടെയും നേതൃത്വത്തിൽ സമരം നടത്തിയതിനെത്തുടർന്ന് കേരളത്തിലെ മുഖ്യമന്ത്രി യും അന്നത്തെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയും, ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന പ്രൊഫ. കെ. വി. തോമസ് മാഷിന്റെയും ഇടപെടൽ മൂലം കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര മന്ത്രി യായിരുന്ന ശ്രീ. ആനന്ദ് ശർമ്മ ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏർപ്പെടുത്തുകയു ണ്ടായി. ഇതോടുകൂടി എച്ച്.ഒ.സി.യിലെ പ്രധാന പ്രശ്നത്തിന് പരിഹാരമായെ

ങ്കിലും പ്രവർത്തന മൂലധനമില്ലാത്തതിന്റെ പേരിൽ രണ്ടര മാസക്കാലമായി പ്ലാന്റ് അടഞ്ഞുകിടക്കുകയാണ്. 150 കോടി രൂപയുടെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി മാത്രമാണ് കമ്പനി ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ആന്റി ഡമ്പിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയ സാഹചര്യത്തിൽ എച്ച്.ഒ.സി. നൂറ് ശതമാനം ലാഭകര മാക്കി മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമുണ്ട്. എച്ച്.ഒ.സി.യുടെ പല പ്രതിസന്ധി ഘട്ടങ്ങളിലും അങ്ങയെ ഞങ്ങൾ പ്രശ്ന ങ്ങൾ ധരിപ്പിച്ചപ്പോൾ മുഖ്യമന്ത്രിയെന്ന നിലയിൽ ഇടപെടുകയും പ്രശ്ന ത്തിന് പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയുടെ കുടിശ്ശിക കൊടുത്തുതീർക്കാതെ റാ മെറ്റീരിയൽസ് കൊടുക്കില്ലെന്ന നില പാടെടുത്തപ്പോൾ അങ്ങ് ബി.പി.സി.എൽ ചെയർമാനെ വിളിച്ച് റാ മെറ്റീരി യൽസ് കൊടുക്കാൻ നിർദ്ദേശിച്ചത് ഈയവസരത്തിൽ നന്ദിയോടുകൂടി ഓർക്കുകയാണ്. ആയിരത്തോളം കുടുംബങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്ന മായി ഇത് മാറിയിരിക്കുകയാണ്. മൂന്നര മാസമായി ജീവനക്കാർക്ക് ശമ്പളം കൊടുക്കാത്തതും പി.എഫ്. വിഹിതം അടയ്ക്കാത്തതും മൂലം കമ്പനിയിൽ നിന്ന് പിരിഞ്ഞുപോകുന്നവർ കണ്ണീരോടെയാണ് പോകുന്നത്. ബഹുമാന പ്പെട്ട കേന്ദ്ര മന്ത്രി ആനന്ദ്കുമാർ എഫ്.എ.സി.റ്റി. സന്ദർശിച്ചപ്പോൾ ഈ വിവ രങ്ങളെല്ലാം ധരിപ്പിച്ച് അദ്ദേഹത്തിന് നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. ആയതി നാൽ അങ്ങ് ഇടപെട്ട് 150 കോടി രൂപയുടെ ബോണ്ടിന്റെ കേന്ദ്ര സർക്കാർ ഗ്യാരന്റി അനുവദിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും അതുപോലെ ശമ്പള കുടിശ്ശിക നൽകുവാനും പിരിഞ്ഞുപോയവർക്ക് ആനുകൂല്യങ്ങൾ നൽകുവാനുമായി 150 കോടി രൂപയുടെ പ്ലാൻ ഫണ്ട് അനു വദിപ്പിക്കാനുള്ള നടപടികൂടി അങ്ങ് എടുക്കണം. അതോടൊപ്പം വി.ആർ.എ

സ്.നും പുതിയ എക്സ്പാൻഷനും കൊച്ചിൻ റിഫൈനറിയിൽ കൊടുക്കാനുള്ള 120 കോടി രൂപയുടെ കുടിശ്ശികയടക്കം 480 കോടി രൂപയുടെ പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ പാക്കേജുകൂടി ഇതിനോടൊപ്പം പാസ്സാക്കിയാൽ ദീർഘകാലം കമ്പനി ലാഭകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിടപ്പെട്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1987-ൽ ഏതാണ്ട് 100 കോടി രൂപ മുതൽമുടക്കോടുകൂടിയാരംഭിച്ച ഈ ഫാക്ടറിയിൽ ഇന്ന് 417 ജീവനക്കാരുണ്ട്. രണ്ടായിരത്തോളം ജീവനക്കാർ ഈ യൂണിറ്റിനെ ആശ്രയിച്ച് അനുബന്ധ ജോലികൾ ചെയ്യുന്നുണ്ട്. ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷയോടുകൂടിയാണ് ഫാക്ടറി ലാഭകരമായി പ്രവർത്തിച്ചുവന്നത്. ഈ ഫാക്ടറി 2011–12-വരെ ലാഭത്തിലുണ്ടായിരുന്ന സ്ഥാപനമാണ്. പക്ഷേ, ഇടയ്ക്ക് ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ കിട്ടാതെ വന്നപ്പോൾ ഇതിന്റെ പ്രവർത്തന ശേഷി പൂർണ്ണമയും വിനിയോഗിക്കാൻ കഴിയാതെ വരുകയും ചെയ്ത സാഹചര്യത്തിൽ ആറ് മാസമായി ഇത് അടഞ്ഞുകിടക്കുകയാണ്. ഇപ്പോൾ ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെ പരിരക്ഷ കൊടുത്തിട്ടുണ്ടെങ്കിലും ഉത്പാദനം പുനരാരംഭിക്കൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര സഹായം ലഭിച്ചാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കൂ. പ്രവർത്തന മൂലധനത്തിനും ശമ്പള കുടിശ്ശികയ്ക്കും മറ്റ് നിയമപരമായ ബാധ്യതകൾ നിറവേറ്റാനുമായി കമ്പനി

സമർപ്പിച്ച 480 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനുള്ള നിർദ്ദേശം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. സംസ്ഥാന ഗവൺമെന്റ് ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിന്റെ ആവശ്യകത പൂർണ്ണമായും ഉൾകൊണ്ടുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകം ആവശ്യപ്പെടുന്നതാണ്.

ഫയലുകൾ തീർപ്പാക്കാൻ കർമ്മ പദ്ധതി

ശ്രീ. എം. പി. വിൻസെന്റ്: സർ, വളരെ ഗൗരവപൂർണ്ണമായ വിഷയമാണ് സഭയുടെ മുന്നിൽ വയ്ക്കുന്നത്. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ അടിയന്തരമായ നടപടി വേണമെന്ന വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ഏത് സർക്കാരിന്റെയും പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തണമെങ്കിലും പദ്ധതികൾ വിജയിക്കണമെങ്കിലും നമ്മുടെ സിവിൽ സർവ്വീസ് കാര്യക്ഷമമാകണം. താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധയും ഗൗരവപൂർണ്ണമായ സമീപനവുമില്ലാത്തതിന്റെ പേരിൽ അനവധി ഫയലുകൾ കെട്ടികിടക്കുകയാണ്. 2014 ഫെബ്രുവരി വരെ സെക്രട്ടേറിയറ്റിൽ 2,30,711 ഫയലുകളും വിവിധ വകുപ്പ് മേധാവികളുടെ ഓഫീസുകളിൽ 2,55,862 ഫയലുകളും തീർപ്പാക്കാതെ കിടക്കുകയാണ്. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ ഫയലുകൾ ചുവപ്പുനാടയുടെ കെട്ടിലാണ്. ജീവനക്കാരുടെ മനോഭാവം മാറേണ്ടതുണ്ട്. ഇതിന് അതീവ ഗൗരവത്തോടുകൂടിയുള്ള സമീപനമാവശ്യമാണ്. ജനസേവനത്തിനാണ് തങ്ങളെ നിയോഗിച്ചതെന്ന് ഇവർ വിസ്മരിക്കുന്നു. ജനങ്ങളോട് മാന്യമായി പെരുമാറുന്ന ജീവന

ക്കാർ വളരെയധികം ഉണ്ടെന്നുള്ള കാര്യം ഞാൻ ഇവിടെ മറച്ചുവയ്ക്കുന്നില്ല. എന്നാലും ഇത്തരം കാര്യങ്ങളിൽ ഒരു നിബന്ധന വച്ചുകൊണ്ട് ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധയാവശ്യമാണ്. എന്റെ മുമ്പിൽ വരുന്ന ഓരോ ഫയലുകളും ഓരോ മനുഷ്യന്റെ ജീവിതത്തിലെ നിർണ്ണായക രമായ ഒന്നാണെന്ന ബോധം പലപ്പോഴും ജീവനക്കാർക്ക് ഉണ്ടാകുന്നില്ലെന്നു ള്ളത് സത്യമാണ്. സെക്രട്ടേറിയറ്റിലെ ചില സീറ്റുകളിൽ ജോലി കുറവും ചില സീറ്റുകളിൽ ജോലിയുള്ളതും ചില സീറ്റുകളിൽ അമിത ജോലിയുള്ളതുമു ണ്ട്. അത്തരം സ്ഥലങ്ങളിൽ വർക്ക് ഡിസ്ട്രിബ്യൂഷൻ ബാലൻസ് നോക്കി നൽകേണ്ടത് അതീവ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. പൊതുവിദ്യാഭ്യാ സം, റവന്യൂ, ആരോഗ്യം, എൽ.എസ്.ജി.ഡി. എന്നീ വകുപ്പുകളിലും ലൈസൻസി ഡിപ്പാർട്ടുമെന്റുകളിലും കാര്യങ്ങൾ അതീവ ഗൗരവത്തോടെ നടക്കേണ്ടതുണ്ട്. പി.എസ്.സി.യിൽ അധിക തസ്തിക അനുവദിച്ചതുപോലെ പൊതുജനങ്ങളുടെ രക്ഷാകേന്ദ്രമായ സെക്രട്ടേറിയറ്റിലും തസ്തികകൾ ആവ ശ്യത്തിന് അനുവദിക്കണം. വിവരസാങ്കേതിക വിദ്യ ശരിയായി ഉപയോഗിച്ച് കൂടുതൽ അപേക്ഷകൾ സ്വീകരിച്ചും അക്ഷയ സെന്ററുകൾ സ്ഥാപിച്ചും ഇതി നൊരു പരിഹാരമുണ്ടാക്കണം. സേവനാ അവകാശ നിയമം കൊണ്ടുവന്ന തിന്റെ ഭാഗമായി കുറേ കാര്യങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. ഫയലുകൾ തീർപ്പ് കൽപ്പിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ കൈകൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഫയലുകൾ കെട്ടികിടക്കുന്നതും കാലതാമസം ഉണ്ടാകുന്നതും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം വൈകി ക്കുന്നതുമൂലം ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കാലതാമസം

ഉണ്ടാക്കുന്നതാണ്. അത് ഒഴിവാക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. ഇപ്പോൾ തന്നെ മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ നൂറ് ദിവസത്തിനുള്ളിൽ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിലും വിവിധ ഡിപ്പാർട്ടുമെന്റുകളിലും സമയബന്ധിതമായ പരിപാടി ആവിഷ്കരിച്ചിരിക്കുകയാണ്. അതനുസരിച്ചുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. നിയമപരവും സാങ്കേതികവുമായ കാരണങ്ങൾ കൊണ്ടും തീരുമാനമെടുക്കാൻ സാധിക്കാത്തതൊഴിച്ച് ബാക്കിയുള്ള ഫയലുകളെല്ലാം വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് അദാലത്ത് നടത്താറുണ്ട്. അദാലത്തിൽ വരുന്ന പരമാവധി ഫയലുകൾക്ക് തീരുമാനം ഉണ്ടാക്കാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അദാലത്തുകൾ ഡിപ്പാർട്ട്മെന്റ് തലത്തിലും സെക്രട്ടേറിയറ്റ് തലത്തിലും വിവിധ കളക്ട്രേറ്റുകളിലും നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഓൺലൈൻ വഴി എത്തിച്ചുകൊടുക്കുന്നതിനുള്ള പരിപാടികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾകൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്ന് നടക്കുന്നത്. അത് പ്രത്യേകമായി മോണിറ്റർ ചെയ്യാനും അതിന്റെ റിസൾട്ട് ഉണ്ടാകുന്നുവെന്ന് ഉറപ്പ് വരുത്താൻ ശ്രമിക്കുന്നതുമാണ്.

## ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് ഉൾപ്പെടെ എല്ലാ എം.എൽ.എ.മാരേയും ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. എം.എൽ.എ.മാരുടെ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിവഴി ഒരു വർഷം അഞ്ച് കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത്. ഓരോ എം.എൽ.എ.മാർക്കും അവരവരുടെ മണ്ഡലങ്ങളെക്കുറിച്ച് നല്ല ധാരണയുള്ളവരാണ്. അതിനനുസരിച്ച്, റോഡുകൾ, പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, അംഗനവാടി കെട്ടിടങ്ങൾ തുടങ്ങിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഇങ്ങനെ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് പൊതുമരാമത്ത് വകുപ്പും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ ഇപ്പോഴുള്ള വിഷയം, ധനകാര്യ വകുപ്പ് അനുമതി നൽകുന്ന ഘട്ടത്തിൽ ഭരണ വകുപ്പിനോട് ഇതിന്റെ ഭരണപരമായ ആവശ്യംകൂടി പരിശോധിക്കണമെന്ന് നിഷ്കർഷിക്കുകയാണ് ചെയ്യുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ വീണ്ടും ഈ പദ്ധതി ഏത് ഡിപ്പാർട്ടുമെന്റിന്റേതാണെന്ന് പരിശോധിച്ച് ആ ഡിപ്പാർട്ടുമെന്റിലേയ്ക്ക് തിരിച്ചയയ്ക്കും. അത് പത്ത്-പന്ത്രണ്ട് മാസക്കാലം സഞ്ചരിച്ചുവരുമ്പോഴേയ്ക്കും ഏതാണ്ട് ഒരു വർഷം പൂർത്തിയാകും. പദ്ധതി പ്രവർത്തനം കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യവുമുണ്ടാകും. അതുകൊണ്ട് ധനകാര്യ വകുപ്പ് അനുമതി കൊടുത്തുകഴിഞ്ഞാൽ പിന്നീടൊരു ഭരണാനുമതിക്ക് പോകാതെ ആ പ്രവൃത്തി പൂർത്തീകരിക്കത്തക്ക നിലയിലുള്ള ഒരു ഉത്തരവായി അത്

മാറ്റണം. ഇന്ന് ധനകാര്യ വകുപ്പ് ഇത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. ഇത് വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു പ്രവൃത്തി ആരംഭിക്കുകയും ആ പ്രവൃത്തി എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി എല്ലാ സാംഗ്ഷനും കിട്ടി പ്രവൃത്തി ആരംഭിക്കുമ്പോഴേയ്ക്കും പ്രത്യേകമായ സാഹചര്യങ്ങളാൽ ആ വർക്ക് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാതെ വരുന്നു. അതോടുകൂടി അവസാനിക്കുകയാണ്. അത് മാറ്റികൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ആ എം.എൽ.എ.ക്ക് തന്നെ അവരുടെ കാലഘട്ടത്തിൽ ആ പ്രവൃത്തി മറ്റ് കാര്യങ്ങൾക്ക് മാറ്റി കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കണം. അല്ലെങ്കിൽ ഈ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതെ വരുകയും നമ്മുടെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഈ രണ്ട് കാര്യങ്ങളിലും അടിയന്തരമായ ഇടപെടൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇക്കാര്യത്തിൽ വളരെ ഉദാരമായ ഒരു സമീപനമാണ് ധനകാര്യ വകുപ്പ് എടുത്തിരിക്കുന്നത്. വകുപ്പ് എന്ത് ചെയ്താലും ഒരു കാര്യം ഞാൻ പറയാം; അവർ വിപരീതമായി ചെയ്യുകയാണെങ്കിൽ ഓവർ റൂൾ ചെയ്യാൻ ധനകാര്യവകുപ്പ് മന്ത്രിയുണ്ട്. അതിൽ യാതൊരു സംശയവുമില്ല. ഞാൻ കൊടുക്കുന്ന നിർദ്ദേശം, എന്ത് ജോലി വേണം, എന്ത് പ്രവൃത്തിയാണ് എടുപ്പിക്കേണ്ടത് എന്നുള്ളത് നിശ്ചയിക്കേണ്ട അധികാരം എം.എൽ.എ.-ക്കാണ്. ഭരണപരമായ ആവശ്യമുണ്ടോയെന്ന് ഉടക്കായി ചോദി

ക്കേണ്ട കാര്യമില്ല. സാധാരണ ഗതിയിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ്, ധനകാര്യ വകുപ്പിലേക്ക് ഫയൽ അയയ്ക്കുമ്പോൾ ഇതിന് ഭരണപരമായ ഒരാവശ്യമുണ്ടെന്ന് എഴുതാറുണ്ട്. അങ്ങനെ സൂചിപ്പിക്കാത്ത കേസ്സുകളിൽ ഭരണപരമായ അവകാശമുണ്ടോയെന്ന് ചോദിക്കാറുമുണ്ട്. ചോദിക്കുന്നത് ധനകാര്യവകുപ്പിന്റെ കുഴപ്പമല്ല. ഫയൽ താമസിക്കുന്നുവെങ്കിൽ കാരണം വേറെയാണ്. അതുകൊണ്ട് അത് വേണ്ടെന്നുണ്ടെങ്കിൽ, ഭരണപരമായ ആവശ്യമുണ്ടോ എന്നുണ്ടെങ്കിൽ, ആവശ്യമില്ലാതെ ഉടക്കിനുവേണ്ടി ചോദിക്കുന്ന ഒരു രീതിയുണ്ടെങ്കിൽ, പരിശോധിച്ചിട്ട് വേണ്ടെന്നുവയ്ക്കാം.

മി. ചെയർമാൻ: അതിന്റെ ആവശ്യമുണ്ടോയെന്ന് എന്നോടൊരിക്കൽ എഴുതി ചോദിച്ചു. എം.എൽ.എ.യുടെ കാര്യം എം.എൽ.എ. തീരുമാനിക്കും. നിങ്ങൾ അത് നോക്കിയാൽ മതിയെന്നുപറഞ്ഞ് ഞാൻ മറുപടി അയച്ചു. പിന്നെ കുഴപ്പമുണ്ടായിട്ടില്ല.

ട്രഷറികളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങളുടെ കണക്കെടുപ്പ്

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ട്രഷറികളിലെ സ്ട്രോംഗ് റൂമുകളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങളുടെ കണക്കെടുത്ത് സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടണമെന്ന കാര്യത്തിലേക്കുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. 214 ട്രഷറികളിൽ, 75 ശതമാനം ജില്ലാ സെൻട്രൽ സബ് ട്രഷറികളിലും സ്ട്രോംഗ് റൂമുകളുണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമായി വർഷങ്ങളായി കെട്ടിക്കിടക്കുന്ന വിലപിടിപ്പുള്ള വസ്തുക്കളുണ്ട്. ആനക്കൊമ്പ്, ചന്ദനം, ചന്ദനത്തൈലം, സ്വർണ്ണ നാണയങ്ങൾ, വെള്ളി, വിഗ്രഹങ്ങൾ, പണം, രത്നങ്ങൾ തുടങ്ങി നിരവധി

ശേഖരങ്ങളുണ്ടെന്ന് പറയപ്പെടുന്നു. ഇതിൽ പലതും സർക്കാർ കണ്ടുകെട്ടിയ താണ്. ചിലത് തൊണ്ടിമുതലാണ്. പലതും കേസ്സുകളിൽ കെട്ടിക്കിടക്കുന്ന താണ്. പലതിനും അവകാശികളില്ലാത്തതാണ്. ഇതിനെ സംബന്ധിച്ച് ഒരു വ്യക്തതയും സർക്കാരിന്റെ കൈവശമില്ല. ഇതിൽ ചിലതെല്ലാം അപഹരിക്ക പ്പെടുന്നുണ്ടെന്നും നാശോന്മുഖമാകുന്നുണ്ടെന്നും പറയപ്പെടുന്നു. അതു കൊണ്ട് അടിയന്തരമായി ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തി കണക്കെടുപ്പ് നടത്തണം. പ്രത്യേക കോടതിയെ ചുമതലപ്പെടുത്തി കേസ്സുകൾ വേഗം തീർപ്പുകൽപ്പിക്കണം. ഇവിടെ കെട്ടിക്കിടക്കുന്ന വസ്തു ക്കളുടെ വില നിർണ്ണയം നടത്തണം. സാമ്പത്തിക വിഷമം നേരിടുന്ന സർക്കാരിന് ഇത് ഗുണം ചെയ്യും. കൂടാതെ അവകാശികളില്ലാത്ത നിരവധി ഡെപ്പോസിറ്റുകളും ട്രഷറികളിലുണ്ടത്രേ. ഇതുസംബന്ധിച്ച് അടിയന്തര മായി ഗവൺമെന്റ് നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി):</u> സർ, കേരള ട്രഷറി കോഡ് ചട്ടം 158 പ്രകാരമാണ് ട്രഷറികളിൽ സേഫ് കസ്റ്റഡി ആർട്ടിക്കിൾ സൂക്ഷിച്ചുവരുന്നത്. സീൽ ചെയ്ത് പായ്ക്കറ്റു കളിലായിട്ടാണ് സേഫ് കസ്റ്റഡി ആർട്ടിക്കിളുകൾ വയ്ക്കുന്നത്. സീൽ ചെയ്ത് സേഫ് കസ്റ്റഡി ആർട്ടിക്കിളിൽ സൂക്ഷിക്കുന്ന വസ്തുക്കൾ എന്താ ണെന്ന് അവ നിക്ഷേപിക്കുന്ന ഓഫീസുകൾക്കാണ് അറിവുള്ളത്. നിക്ഷേപ സമയത്ത് ട്രഷറി ഓഫീസർ സൂക്ഷിക്കാൻ ഏൽപ്പിച്ച വസ്തുക്കൾ എന്താ ണെന്ന് പരിശോധിക്കാറില്ല. നിക്ഷേപിക്കുന്ന ഓഫീസർക്ക് ഫോറം നമ്പർ – DT 53 A-യിൽ രസീത് നൽകുകയും ട്രഷറിയുടെ സേഫ് കസ്റ്റഡി രജിസ്റ്റ

റിൽ ഫോറം നമ്പർ TR 28-ൽ ചേർക്കുകയും ചെയ്യുന്നു. രസീതിൽ sealed packet set to contain ഇന്നത് ഇന്നതെന്ന് രേഖപ്പെടുത്തി നൽകാറാണുള്ളത്. ആറ് മാസത്തിലൊരിക്കൽ ട്രഷറിയിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച പാക്കറ്റുകളുടെ സീലുകൾ ഭദ്രമായനിലയിലാണെന്ന് ട്രഷറി ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരം ട്രഷറിയിൽ സൂക്ഷിക്കാൻ ഏൽപ്പിക്കുന്ന വസ്തുവകകളുടെ ഉടമസ്ഥാവകാശം അതാത് ഓഫീസർമാർക്കാണ്. ട്രഷറികൾക്ക് ആയതിന്മേൽ ഉടമസ്ഥാവകാശമില്ല. ഒരു സൂക്ഷിപ്പുകാരന്റെ ചുമതലയാണ് ട്രഷറി നിർവ്വഹിക്കുന്നത്. ട്രഷറികളിൽ സൂക്ഷിക്കാനായി ഏൽപ്പിച്ചിരിക്കുന്ന വസ്തുക്കൾ നിധിശേഖരമായി കാണാറില്ല. ഉടമസ്ഥാവകാശമില്ലാത്തതിനാൽ ആയത് ലേലം ചെയ്യുവാനും മറ്റുമുള്ള അവകാശം ട്രഷറികളിൽ നിക്ഷിപ്തമല്ല. സംസ്ഥാനത്തെ ട്രഷറികളിൽ കെട്ടിക്കിടക്കുന്നതായി പറയുന്ന നിധി ശേഖരങ്ങളെ അപ്രകാരം കണക്കാക്കാൻ കഴിയാത്തതിനാലും ഉടമസ്ഥാവകാശം ട്രഷറിക്കില്ലാത്തതിനാലും അതിന്റെ സവിസ്തരമായ കണക്കെടുപ്പ്, ശാസ്ത്രീയ പഠനം എന്നിവ നടത്തേണ്ടതിന്റെയും തർക്കങ്ങൾ പരിഹരിക്കുവാൻ സെമി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കേണ്ടതിന്റേയും ആവശ്യകത ഇന്നുള്ളതായി തോന്നുന്നില്ല.

**ഹണി മിഷൻ രൂപീകരിക്കൽ**

ശ്രീ. എ.റ്റി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്ത് തേനീച്ച കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഹണി മിഷൻ രൂപീകരിക്കണമെന്നാണ് എന്റെ ആവശ്യം. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വിവിധ കാർഷിക സർവ്വകലാശാലയിലെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം വഴി

നടത്തിയ പഠനങ്ങളിൽ കാർഷിക ഹോർട്ടികൾച്ചർ വിളകൾ 20 മുതൽ 40 ശതമാനം വരെ വിളവർദ്ധനവുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. തേനീച്ച കളെ പരാഗണത്തിന് പ്രയോജനപ്പെടുത്തി ഭക്ഷ്യഭദ്രത ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് കാർഷികോല്പാദന ക്ഷമതയ്ക്ക് തേനീച്ച വളർത്തൽ പദ്ധതി. കേരളത്തിൽ തേനീച്ച വളർത്തലിന് അനന്ത സാദ്ധ്യതകൾ തെളിയിച്ച കേരള കാർഷിക സർവ്വകലാശാലയുടെ പരാഗണ ഗവേഷണ കേന്ദ്രത്തിന്റെ കണ്ടുപിടിത്തങ്ങൾ പ്രയോജനപ്പെടുത്തി രണ്ട് ലക്ഷത്തിലധികം ജനങ്ങൾ തേനീച്ചക്കൃഷി ഒരു തൊഴിലാക്കി ഉപജീവനം നടത്തുന്നു. 1990-കളിൽ Thai San Road Virus മൂലം നശിച്ചുപോയ തേനീച്ച വളർത്തൽ വ്യവസായത്തെ രോഗപ്രതിരോധ ശേഷിയുള്ള ഇന്ത്യൻ തേനീച്ചയുടെ Nucleus colony വികസിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യു കവഴി പുനരുദ്ധരിപ്പിക്കുകയും അതിലൂടെ തേനീച്ച വളർത്തൽ ഏറെ കർഷകർക്ക് ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റുകയും ചെയ്തു. ഗവേഷണ നിരീക്ഷണങ്ങളിലൂടെ രൂപപ്പെടുത്തിയ തേനീച്ച വളർത്തലിലെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ വർദ്ധിപ്പിച്ച് തേൻ ഉല്പാദനത്തിനും ഗുണമേ ന്മയുള്ള തേൻ രൂപപ്പെടുത്തുന്നതിനും തന്മൂലം കർഷകരുടെ ജീവിത നില വാരമുയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. ഭാരതത്തിൽ ചെറുതേനീച്ച ജനു സ്സിനെക്കുറിച്ച് ഗവേഷണങ്ങൾ ഇദംപ്രഥമായി നടത്തി ഔഷധ ഗുണമേന്മ യുള്ള ചെറുതേൻ നൽകുന്ന തേനീച്ചയെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുവാനുള്ള സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തി പ്രദർശിപ്പിച്ചത് കുടുംബശ്രീ, അയൽക്കൂട്ടം, ജനശ്രീ തുടങ്ങിയ അനേകം സ്വാശ്രയ സംഘ ങ്ങൾക്ക് ഒരു അധികവരുമാനമാർഗ്ഗമായി മാറിയിട്ടുണ്ട്. കർഷകരുടെ സമഗ്ര

മായ വികസനത്തിനും ഗവേഷണ പുരോഗതിക്കും അത്യന്താപേക്ഷിതമായ ഹണി മിഷൻ രൂപീകരിക്കുമെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഇപ്പോഴത്തെ കൃഷിവകുപ്പ് മന്ത്രിയും  പല പ്രാവശ്യമാവർത്തിച്ച് പ്രസ്താവനകൾ നടത്തിയിട്ടും  ഇതുവരെ യാതൊരു നടപടിയും സർക്കാർ കൈക്കൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ  പരാഗണം ഉറപ്പാക്കി  വിളവർദ്ധനവിലൂടെ ഭക്ഷ്യ ഭദ്രത കൈവരിക്കുവാൻ സഹായിക്കുന്ന  തേനീച്ചകളെ  സംരക്ഷിക്കുവാനും ഇതിലൂടെ തേനീച്ച കർഷകനെ സംരക്ഷിക്കുവാനും  ഈ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുവാനും  സഹായിക്കുന്ന  ഹണി മിഷൻ രൂപീകരിക്കുവാൻ നിയമ നടപടികൾ  സ്വീകരിക്കണമെന്ന് കാർഷിക രംഗത്തെ നൂതനമായ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്ന പ്രിയപ്പെട്ട കൃഷിവകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളത്തിൽ തേനീച്ച കൃഷിയും തേൻ ഉല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ പദ്ധതികളുണ്ട്. ലോക ഭക്ഷ്യ-കാർഷിക സംഘടനയുടെ നിയമമനുസരിച്ച് പച്ചക്കറികൾപോലെ മനുഷ്യർക്ക് പോഷകങ്ങൾ ലഭ്യമാകുന്ന വിളകളിൽ ഭൂരിഭാഗവും തേനീച്ചകളാൽ പരാഗണം നടത്തപ്പെടുന്നവയാണ്.  കാർഷിക വിളകളുടെ പരാഗണം മെച്ചപ്പെടുത്താൻ തേനീച്ചകളെ വളർത്തുന്നരീതി കേരളത്തിൽ പ്രചരിപ്പിക്കും.  ആയതിനാൽ ഭക്ഷ്യ സുരക്ഷയ്ക്കും, പോഷക സുരക്ഷയ്ക്കുംവേണ്ടി തേനീച്ച വളർത്തുന്നതും, നിലവിൽ തേനീച്ച കർഷകരുടെ സമഗ്ര വികസനത്തിനും ഗവേഷണപുരോഗതിക്കും

അത്യന്താപേക്ഷിതമായ ‘ഹണിമിഷൻ’ എന്ന ആശയം നടപ്പിലാക്കേണ്ടതും ആവശ്യമാണ്. ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനാണ് ഈ പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ട് മുന്നോട്ടുപോകുന്നത്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കാർഷികോല്പാദന വർദ്ധനവിന് തേനീച്ച വളർത്തൽ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിരിക്കുന്ന നിർദ്ദിഷ്ട ഏജൻസി– സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി, കേരള സ്റ്റേറ്റ് ഹോർട്ടികോർപ്പ് മുഖാന്തിരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പരിശീലനം ലഭിച്ച കർഷകർ ഉല്പാദിപ്പിക്കുന്ന തേൻ ഹോർട്ടികോർപ്പ് സംഭരിച്ച്, സംസ്കരിച്ച് ‘അമൃത ഹണി’ എന്ന ലേബലിൽ ബോട്ടിലുകളിലാക്കി വിപണനം നടത്തി വരുന്നു. കൂടാതെ തേനും തേനധിഷ്ഠിത ഉല്പാദനങ്ങളും വിപണനം നടത്തിവരുന്നു. ഹണി കോളയുടെ വിപണനവും ഹോർട്ടികോർപ്പ് നടത്തിവരുന്നുണ്ട്. തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, തേനിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും തേനിന്റെ ഔഷധഗുണങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി സെമിനാറുകൾ, ശില്പശാലകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിനെല്ലാം പുറമെ, തേനിന്റെ ഗുണനിലവാരം നിലനിർത്തിയുള്ള ഉല്പാദന വർദ്ധനവും, കേരള കാർഷിക സർവ്വകലാശാലയുടെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം ഉരുത്തിരിഞ്ഞെടുത്ത ചെറുതേനീച്ച വളർത്തൽ.... തളിപ്പറമ്പിലുള്ള പൂമംഗലം സ്കൂളിലെ വിദ്യാർത്ഥികൾതന്നെ ആവിഷ്ക്കരിച്ച ചെറുതേനീച്ച

വളർത്തൽ ഉണ്ട്. തേനീച്ച വളർത്തലിൽ സാങ്കേതികവിദ്യ കർഷകർക്ക് കൈമാറി വാണിജ്യാടിസ്ഥാനത്തിൽ ചെറുതേനീച്ച വളർത്തൽ പ്രോത്സാഹി പ്പിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത 'ഹണിമിഷൻ' നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. അത് നടപ്പിലാക്കും.

<u>കാര്യങ്കോട് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):</u> സർ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രോജക്ടാണ് കാര്യങ്കോട്- തേജസ്വിനി പുഴയിൽ പാലായി വളവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുക യെന്നത്. അത് കാസർഗോഡ് ജില്ലയ്ക്ക് മാത്രമേയുള്ളൂ. കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമി, സി.ആർ.പി.എഫ്. ക്യാമ്പ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഇപ്പോൾ വെള്ളം കൊണ്ടുപോകുന്നത് ഈ പുഴയിൽ നിന്നാണ്. പക്ഷെ, ഫെബ്രുവരി-മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പുഴ വറ്റിയാൽ അവിടെ വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഇതിനെല്ലാം ഉപയുക്തമാകുന്ന ഒരു വലിയ പ്രോജക്ടാണ് പാലായിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജ്. 8-10 വർഷങ്ങളായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകൊല്ലം 51 കോടി രൂപയായിരുന്നു. ഇപ്പോൾ 58 കോടി രൂപയായി. അതിന്റെ ഡി.പി.ആർ.-ഉം എസ്റ്റിമേറ്റുമെല്ലാം തയ്യാറായിക്കഴിഞ്ഞിരിക്കുക യാണ്. ഇതിന് എംപവേർഡ് കമ്മിറ്റി അടിയന്തരമായും അംഗീകാരം കൊടുത്ത് ഈ പ്രോജക്ട് പ്രാവർത്തികമാക്കണം എന്നാണ് എന്റെ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. വെസ്റ്റ് ഏളേരി പഞ്ചായത്തിലും, ഈസ്റ്റ് എളേരി പഞ്ചായത്തിലും ബഹുമാനപ്പെട്ട

മന്ത്രിതന്നെ ഉദ്ഘാടനം ചെയ്തതും തറക്കല്ലിട്ടതുമായ ഒന്നു-രണ്ട് പദ്ധതികളുണ്ട്. പക്ഷെ, അവർക്കൊന്നും വെള്ളം ലഭിക്കാൻ പോകുന്നില്ല. 14 കോടി രൂപ ചെലവഴിച്ച വെസ്റ്റ് എളേരിയിലുള്ള കുടിവെള്ള പദ്ധതി ഇപ്പോൾ വെള്ളം ലഭിക്കാത്തതുകൊണ്ട് പൂട്ടിയിട്ടു. ഇതിനെല്ലാം വെള്ളം ലഭിക്കണമെങ്കിൽ, ആ പ്രദേശത്തെ ജനങ്ങൾ വെള്ളം കിട്ടാതെ മരിക്കാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമെല്ലാം മുൻകൈയ്യെടുത്ത് ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവ് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഈ പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലുള്ളതാണ്. നീലീശ്വരം മുനിസിപ്പാലിറ്റിയെയും, കല്ലൂർ-ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതിനോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, ഭൂഗർഭ ജലനിരപ്പ് നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയും ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമി, പെരിങ്ങോം സി.ആർ. പി.എഫ്. ക്യാമ്പ് തുടങ്ങിയ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി

നീലീശ്വരം മുനിസിപ്പാലിറ്റി കയ്യൂർ-ചീമേനി, ചെറുവന്നൂർ, കരിന്തളം, വെസ്റ്റ് ഏളേരി, ഈസ്റ്റ് ഏലേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും കേരള വാട്ടർ അതോറിറ്റിയുടെ അധീനതിയിൽ നടപ്പിലാക്കിവരുന്ന നിരവധി ജലവിതരണ പദ്ധതികൾക്കും, നീലീശ്വരം-കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്കും, പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും ഈ പദ്ധതി വഴി വെള്ളം സംഭരിക്കാൻ കഴിയും. ഈ പദ്ധതിക്ക് 57 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് RIDF (XX)-ൽ ഉൾപ്പെടുത്തി അംഗീകാരത്തിന് ഈ വർഷംതന്നെ സമർപ്പിക്കുന്നതാണ്.

<u>കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി</u>

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നേരിട്ടറിയുന്ന ഒരു വിഷയമാണ്. അദ്ദേഹം കാരുണ്യപൂർവ്വം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ആയിരക്കണക്കിന് രോഗികൾ വരുന്ന ഒരു സ്ഥലമാണ്. ഒരു ദിവസം 1500 മുതൽ 2000 രോഗികൾവരെ ചികിത്സ തേടുന്ന കൊല്ലം ജില്ലയിലെ ഏറ്റവും തിരക്കുള്ള ആശുപത്രിയുമാണ്. അപകടങ്ങളുടെ നടുവിലാണ് ആ ആശുപത്രി. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പല സഹായങ്ങളും ചെയ്യുന്നുണ്ട്. കാരുണ്യ ഫാർമസി ആരംഭിക്കുമെന്ന് പറഞ്ഞിട്ട് ഏകദേശം ഒരുവർഷംകഴിഞ്ഞു. അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളെല്ലാം ശരിയായി. കെട്ടിടം പൂർത്തിയായി, എല്ലാ കാര്യങ്ങളുമുണ്ടായി. ഇപ്പോഴും രോഗികളെ സ്വകാര്യ

മരുന്നു കച്ചവടക്കാരുടെ അടുത്ത് അയയ്ക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടോയെന്ന സംശമുണ്ട്. എന്താണ് ഇതിന് അസൗകര്യം? പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിനായി അങ്ങ് വന്ന് അതിന്റെ പ്രവർത്തനമാരംഭിച്ച് കരുനാഗപ്പള്ളിക്കാരോട് കാരുണ്യം കാണിക്കണം; അതിന്റെ പേര് തന്നെ കാരുണ്യ ഫാർമസിയെന്നാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള കെട്ടിടംപണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസി ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വൈദ്യുതി, വെള്ളം, ലൈസൻസ് മുതലായവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അവിടെ ആഗസ്റ്റ് മാസത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കും. അതിനുവേണ്ട നടപടികൾ പൂർത്തീകരിക്കും.

പി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം ജില്ലയുടെ ആസ്ഥാനമായ കാക്കനാട് പ്രവർത്തിച്ചുവരുന്ന പ്രൈമറി ഹെൽത്ത് സെന്റർ ആശുപത്രിയെ താലൂക്കാശുപത്രിയുടെ ലെവലിലേയ്ക്ക് ഉയർത്തണമെന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. സാങ്കേതികത്വമുണ്ടെന്ന് എനിക്കറിയാം. പ്രൈമറി ഹെൽത്ത് സെന്റർ നേരിട്ട് താലൂക്കാശുപത്രി തലത്തിലേയ്ക്ക് ഉയർത്താൻ കഴിയുകയില്ല, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താനേ

സാധിക്കുകയുള്ളൂ. പക്ഷെ, ഇത് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു ആശുപത്രിയാണ്. ഇന്ന് ജില്ലാ ആസ്ഥാനത്ത് വേറെ ആശുപത്രികളില്ല. എറണാകുളം ജില്ലയുടെ ആസ്ഥാനത്താണ് ഏറ്റവും കൂടുതൽ കൺസ്ട്രക്ഷൻ നടന്നുകൊണ്ടിരിക്കുന്നത്. ഏകദേശം ഇരുപതിനായിരത്തിലധികം സാധാരണ തൊഴിലാളികൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. അവിടെ ഇന്ന് വേണ്ടത്ര ഡോക്ടർമാർ ഇല്ല. ആകെ 3 ഡോക്ടർമാരെയാണ് അനുവദിച്ചത്. അതിൽ ഒരു ഡോക്ടറിനെ അവിടെ നിന്നും മാറ്റി, മറ്റു 2 പേരുള്ളത് ഗൈനിക്കോളജിസ്റ്റുമാരാണ്. അവിടെ വരുന്ന ആളുകളിൽ ഭൂരിപക്ഷം പേരും പുരുഷന്മാരാണ്. അതേസമയം അവിടെ ഫാർമസിസ്റ്റ് ഇല്ല. അവിടെ എല്ലാ ദിവസവും ഏകദേശം 600-700 ഒ.പി. വരുന്നുണ്ട്. ആശുപത്രിയുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി എന്റെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ഒരു കോടി രൂപകൊടുത്ത് ഒരു ബ്ളോക്ക് പണിയുന്നുണ്ട്. മുനിസിപ്പാലിറ്റി 50 ലക്ഷം രൂപ മുടക്കി മറ്റൊരു ബ്ളോക്ക് പണിയുന്നുണ്ട്. അങ്ങനെ ഏകദേശം ഒന്നരക്കോടി രൂപ ഇൻഫ്രസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി ഞങ്ങൾ കൊടുക്കാൻ തയ്യാറായി. അതുകൊണ്ട് ഏറ്റവുംക്കൂടുതൽ രോഗികൾ വരുന്ന ഈ താലൂക്കാശുപത്രിക്ക് ജില്ലാ ആസ്ഥാനമെന്ന നിലയിൽ ഒരു പ്രത്യേക പരിഗണന കൊടുത്ത്, നിയമത്തിൽ എന്തെങ്കിലും ഒരു സ്പെഷ്യൽ ഓർഡർ കൊടുത്ത് അതിനെ പ്രൈമറി ഹെൽത്ത് സെന്റർ എന്ന നിലയിൽ നിന്ന് താലൂക്കാശുപത്രിയുടെ ലെവലിലേയ്ക്ക് ഉയർത്തണം. പനിയും, പകർച്ചവ്യാധികളുമൊക്കെ പടർന്നു പിടിക്കുന്ന ഈ സമയത്ത് അവിടെ വരുന്ന നിർമ്മാണത്തൊഴിലാളികൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക

ആശുപത്രിയാണിത്. എറണാകുളത്ത് ഒരുപാട് പ്രൈവറ്റ് ആശുപത്രികളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുമുണ്ട്, അത് ഞാൻ സമ്മതിക്കുന്നു. പക്ഷെ, അവിടെയൊന്നും പാവപ്പെട്ട തൊഴിലാളികൾക്ക് പോകാൻ കഴിയാത്തതു കൊണ്ട് സാധാരണക്കാരുടെ ആശ്രയമായിരിക്കുന്ന ഈ ആശുപത്രിയിൽ അടിയന്തരമായി 5 ഡോകടർമാരെയെങ്കിലും നിയമിക്കണം. അതുപോലെ ഇത് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 29-01-2005-ലാണ് 50 സെന്റ് സ്ഥലത്ത് കാക്കനാട് പി.എച്ച്.സി. സെന്റർ പ്രവർത്തനമാരംഭിച്ചത്. 06.11.2008-ൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.-യായി ഉയർത്തപ്പെട്ട ഈ ആശുപത്രിയിൽ 3 ഡോക്ടർമാരുൾപ്പെടെ 24 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒരു എൻ.ആർ.എച്ച്.എം. ഡോക്ടറുടെ സേവനം ഉച്ചയ്ക്കുശേഷം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ പ്രതിദിനം ഒ.പി. 275 മുതൽ 400 വരെയാണ്. 3 സബ്സെന്ററുകൾ ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ഇത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന ആവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളത്. പക്ഷെ, ഗവൺമെന്റിന്റെ സമീപനം പി.എച്ച്.സി.-കളെ സി.എച്ച്.സി. -കളായും താലൂക്കാശുപത്രിയുടെ ആവശ്യമുണ്ടെങ്കിൽ സി.എച്ച്.സി.-കളായും ഉയർത്തുകയെന്നുള്ളതാണ്. കാക്കനാട് പി.എച്ച്.സി.-യെ സി.എച്ച്. സി.-യായി ഉയർത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിന്

ലഭ്യമായിട്ടില്ല. അത് ലഭ്യമാകുന്ന മുറയ്ക്ക് സി.എച്ച്.സി.-യായി ഉയർത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും. ഡി.എം.ഒ. നൽകിയ റിപ്പോർട്ട് ഞാൻ പരിശോധിച്ചപ്പോൾ അവിടെ അത് ആവശ്യമാണെന്നുള്ള വിലയിരുത്തൽ ലഭ്യമായിട്ടുണ്ട്. എന്തായാലും എം.എൽ.എ. ഫണ്ടും, മുനിസിപ്പാലിറ്റിയുടെ ഫണ്ടും ഉപയോഗിച്ചുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സി.എച്ച്.സി.-യായി അവിടെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ചേരുന്ന തൊഴിലാളികളുടെ ബാഹുല്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സാധാരണ ഗതിയിൽ പി.എച്ച്.സി.-കളിൽ ഉള്ളതിനെക്കാൾ കൂടുതൽ ഡോക്ടർമാർ ഇവിടെയുണ്ട്. എന്തായാലും വളരെ പെട്ടെന്നുതന്നെ എം.എൽ.എ.-യുമായി സംസാരിച്ച് ആവശ്യമായ ഡോക്ടർമാരെ ഉടൻതന്നെ നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കിയത് സംബന്ധിച്ച്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, സംസ്ഥാനത്തെ പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രഖ്യാപനം വലിയ പ്രതീക്ഷയാണ് നമുക്കുണ്ടാക്കിയത്. അക്കൂട്ടത്തിലാണ് മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രഖ്യാപനവുമുണ്ടായത്. മലപ്പുറം ജില്ലയിലെ ജനങ്ങൾ പ്രതീക്ഷയോടുകൂടി കണ്ടിട്ടുള്ള ഈ സ്ഥാപനം ഇപ്പോൾ വിപരീത ഫലമുളവാക്കുന്ന അവസ്ഥയിലാണ് എത്തിയിരിക്കുന്നത്. ഗുരുതരമായ പ്രത്യാഘാതങ്ങളാണ് വന്നിരിക്കുന്നത്. സൗകര്യങ്ങളൊന്നും മഞ്ചേരിയിൽ ഒരുക്കിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കുട്ടികളുടേയും സ്ത്രീകളുടേയും ആശുപത്രി പൂർണ്ണമായും ഒഴിവാക്കി അവിടെ ക്ലാസ് മുറികളാക്കി പരിണമിച്ച്

ക്ലാസ്സുകൾ ആരംഭിച്ചു. അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനറൽ ആശുപത്രിയുടെ ബോർഡ് മാറ്റിയതിനുശേഷം അത് മെഡിക്കൽ കോളേജാണെന്ന് പ്രഖ്യാപിച്ചു. മഞ്ചേരിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു നഴ്സിംഗ് സ്കൂളിന്റെ ബോർഡ് മാറ്റി റസിഡൻഷ്യൽ അക്കോമഡേഷൻ ഫോർ നഴ്സിംഗ് ആന്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്ന ബോർഡ് വച്ചിരിക്കുന്നുവെന്നാണ് ഇന്നലെ പത്രത്തിൽ വാർത്ത വന്നത്. ഇങ്ങനെ ബോർഡ് മാറ്റലാണ് നടക്കുന്നത്. ഡി.എം.ഇ.-യുടെ ഭാഗമായ ജീവനക്കാരും അദ്ധ്യാപകരുമില്ല. ഡി.എച്ച്.എസ്.-ന്റെ ഭാഗമായ ആളുകൾക്ക് ഡീംഡ് ഡെപ്യൂട്ടേഷൻ കൊടുത്തുവെന്നാണ് പറയുന്നത്. എന്താണ് ഈ ഡീംഡ് ഡെപ്യൂട്ടേഷൻ? പ്രൊഫസർമാരായി ആളുകളെ ഒരു സുപ്രഭാതത്തിൽ എങ്ങനെയാണ് മാറ്റി തീർക്കുന്നത്; അവരെ എങ്ങനെയാണ് പ്രൊഫസർമാരായി കൺവർട്ട് ചെയ്യുന്നത്? അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സേവന വ്യവസ്ഥകളും സർവ്വീസ് കണ്ടീഷനുകളും ശമ്പള സ്കെയിലുമെല്ലാം വ്യത്യാസമാണ്. അതിലെല്ലാം അവ്യക്തത തുടരുകയാണ്. ജില്ലയിലെ ജനറൽ ആശുപത്രിയും കുട്ടികളുടേയും സ്ത്രീകളുടേയും ആശുപത്രിയും നിലനിർത്തുമെന്ന് സർക്കാർ തുടക്കം മുതൽ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിപ്പോൾ പാഴ്വാക്കായി. ആശുപത്രി കെട്ടിടത്തിന്റെ മുകളിലുള്ള തകര ഷെഡിലാണ് മെഡിക്കൽ കോളേജിൽ പഠിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. നിലവിലുള്ള ആശുപത്രി താല്ക്കാലികമായി ഉപയോഗിക്കുന്നത് മനസ്സിലാക്കാം, അതൊരു സ്ഥിരം സംവിധാനക്കുമ്പോൾ എങ്ങനെയാണ് ശരിയാവുക? കേരളത്തിൽ എവിടെയെങ്കിലും ഇത്രയും ചുരുങ്ങിയ സ്ഥലത്ത് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ടോ?

മെഡിക്കൽ കോളേജിന്റെ ഭാവി വികസനംതന്നെ അവതാളത്തിലാകുന്ന ഈ സമീപനം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ആശുപത്രികളും മെഡിക്കൽ കോളേജുകളും ഇല്ലാതാകുന്നു. ദ്വിമുഖമായ പ്രശ്നങ്ങളാണ് ഇതിന്റെ ഭാഗമായി വരുന്നത്. ജില്ലാ ആശുപത്രി ഉൾപ്പെടുന്ന കുട്ടികളുടേയും സ്ത്രീകളുടേയും ആശുപത്രി പാണക്കാട് ശിഹാബ്തങ്ങളുടെ പേരിലുള്ള ആശുപത്രിയാണ്. ആ ആശുപത്രി പൂട്ടിയിട്ടാണ് ഇപ്പോൾ ഇത് തുടങ്ങുന്നത്. 17 കാരണങ്ങൾ കൊണ്ടാണ് മെഡിക്കൽ കൗൺസിൽ ഇത് റദ്ദാക്കിയത്. അംഗീകാരം തിരിച്ചുകിട്ടാനായി കുറച്ച് തട്ടിക്കൂട്ടൽ പരിപാടികളിപ്പോൾ നടത്തിയിട്ടുണ്ട്. ഹെൽത്ത് സെക്രട്ടറി രണ്ട് ദിവസമായി ഡൽഹിയിലാണ്. ചിലപ്പോൾ അത് താൽക്കാലികമായി നിലനിർത്തിയേക്കാം. ഇതൊരു ഫോട്ടോ പ്രദർശനവും ബോർഡ് പ്രദർശനവുമായി മാറിയിരിക്കുകയാണ്. ഇവിടെ 5 കിലോമീറ്ററിനുള്ളിൽ യഥേഷ്ടം സ്ഥലം ലഭ്യമാണ്. 200 ഏക്കർവരെ സ്ഥലം ലഭ്യമായ സാഹചര്യത്തിൽ പുതിയ സ്ഥലത്തേയ്ക്ക് മെഡിക്കൽ കോളേജ് മാറ്റാനും നിലവിലുള്ള ഈ രണ്ട് ആശുപത്രികളും ഫലപ്രദമായി പ്രവർത്തിക്കുന്നവിധത്തിൽ നിലനിർത്താനും കഴിയാവുന്ന നടപടികൾ സ്വീകരിച്ച് ആവശ്യത്തിന് ജീവനക്കാരെയും അദ്ധ്യാപകരേയും നിയമിച്ച് മെഡിക്കൽ കോളേജിന്റെ പ്രവൃത്തി നന്നായി കൊണ്ടുപോകാനുള്ള ശ്രമമുണ്ടാകണം. ഇതൊരു ടെസ്റ്റ് ഡോസാണ്. കേരളത്തിൽ ഇനി വരാനിരിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളോടൊല്ലാം ഈ തട്ടിക്കൂട്ടൽ പരിപാടിയാണ് ഗവൺമെന്റ് ചെയ്യാൻപോകുന്നത് എന്നതിന്റെ ഉദാഹരണമാണ് മഞ്ചേരിയിൽ നടക്കുന്നത്. അത് തിരുത്താൻ സർക്കാർ തയ്യാറാവണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സർക്കാർ മേഖലയിൽ ആറാമത്തെ മെഡിക്കൽ കോളേജായി 01.09.2013-ൽ മഞ്ചേരി മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിച്ചു. മഞ്ചേരി ജനറൽ ആശുപത്രിയിലെ നിലവിലുള്ള സൗകര്യങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കുമായി പുതുതായി നിർമ്മിച്ചതും ഉപയോഗിക്കാതിരുന്നതുമായ ബഹുനില കെട്ടിടവും ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് ഈ മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിച്ചത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 20 ഏക്കർ സ്ഥലമാണ് ആവശ്യമായുള്ളത്. 23.2 ഏക്കർ സ്ഥലത്താണ് മഞ്ചേരി മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. ആദ്യവർഷം അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 108 തസ്തികകൾ മെഡിക്കൽ കോളേജിനായി സൃഷ്ടിച്ച് നിയമനം നടത്തിയിരുന്നു. ആദ്യപടിയായി 2013-14-ൽ 100 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് ഇവിടെ പ്രവേശനവും നൽകി. ക്ലാസുകളും ലബോറട്ടറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും നിലവിലുള്ള കെട്ടിടത്തിലൊരുക്കി പ്രവർത്തനം നടന്നു വരുന്നു. രണ്ടാം വർഷത്തേയ്ക്ക് 147 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം രണ്ട് വർഷങ്ങളിലായി ആകെ 255 തസ്തികകളാണ് മഞ്ചേരി

മെഡിക്കൽ കോളേജിനായി സൃഷ്ടിച്ചിട്ടുള്ളത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും ഓരോ വർഷവും സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കുന്നതാണ്. രണ്ടാം വർഷത്തെ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒ.പി. തുടങ്ങുന്നതിന്റെ ഭാഗമായി ജനറൽ ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്രത്യേക ഒ.പി. ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. പുതിയതായി ആരംഭിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളിലും ആദ്യവർഷ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തുടർ അംഗീകാര പരിശോധന നടക്കാറുണ്ട്. അപ്രകാരം മാർച്ച് 11, 12 തീയതികളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തുടർ അംഗീകാര പരിശോധന നടക്കുകയുണ്ടായി. യാതൊരുവിധ മുന്നറിയിപ്പോ അറിവോ പ്രസ്തുത പരിശോധന സംബന്ധിച്ച് നമുക്കുണ്ടായിരുന്നില്ല. തുടർ അംഗീകാര പരിശോധനയിൽ ചില കുറവുകളുണ്ടെന്നും ആയത് പരിഹരിക്കണമെന്നും പരിശോധകർ അറിയിച്ചിരുന്നു. അതിൻപ്രകാരം മെഡിക്കൽ കോളേജിന് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും നിലവിലുള്ള തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടംമൂലമാണ് അദ്ധ്യാപക നിയമനങ്ങളുൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കു ന്നതിൽ കാലതാമസം സംഭവിച്ചതെന്നും തെരഞ്ഞെടുപ്പ് കഴിയുന്ന മുറയ്ക്ക് നിബന്ധനകൾക്കനുസൃതമായ എല്ലാ സൗകര്യങ്ങളും പൂർത്തിയാക്കുമെന്ന് കാണിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറി 14.03.2014-ൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയേയും കേന്ദ്രസർക്കാരിനേയും അറിയിച്ചിരുന്നു. സൃഷ്ടിക്കപ്പെട്ട അദ്ധ്യാപക തസ്തികകളിൽ ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ വഴിയും

മറ്റുള്ളവ സ്ഥലംമാറ്റം വഴിയും നിയമിക്കാനുള്ള നടപടികൾ പൂർത്തിയാക്കി. എന്നാൽ പോളിംഗ് കഴിഞ്ഞുമാത്രമേ ഉത്തരവ് പുറപ്പെടുവിക്കാവൂ എന്ന ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് 11.04.2014-ലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. 05.05.2014-ന് മുമ്പ് എല്ലാവരും ജോലിയിൽ പ്രവേശിക്കണമെന്ന കർശന നിർദ്ദേശവും നൽകിയിരുന്നു. ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി ജനറൽ ആശുപത്രിയിൽ ജോലി ചെയ്തുവരുന്ന പി.ജി. ബിരുദമുള്ള ഡോക്ടർമാർമാരെ അസിസ്റ്റന്റ് പ്രൊഫസർമാരായും പി.ജി. ബിരുദമില്ലാത്ത വരെ ജൂനിയർ റസിഡന്റുമാരായും ഡീംഡ് ഡെപ്യൂട്ടേഷനിൽ നിയമിക്കുകയും ചെയ്തു. ജനറൽ ആശുപത്രിയിലെ ഡോക്ടർമാർക്ക് അവിടെത്തന്നെ തുടർന്നും ജോലി ചെയ്യുന്നതിനുള്ള സൗകര്യത്തിനു വേണ്ടിയാണ് ഇപ്രകാരം തീരുമാനിച്ചത്. നിലവിലുള്ള ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി മാറ്റിയതുമൂലം തദ്ദേശവാസികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ചികിത്സാ സൗകര്യം ലഭ്യമായി. ഉയർന്ന ചികിത്സക്ക് ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാകുകയും ചെയ്തു. മഞ്ചേരി റ്റി.ബി. സെന്റർ കോമ്പൗണ്ടിൽ ഒരു പുതിയ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനും സർക്കാർ തത്ത്വത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ചൂണ്ടിക്കാണിച്ച എല്ലാ ന്യൂനതകളും പരിഹരിച്ച കാര്യം അറിയിച്ചുകൊണ്ട് 26.05.2014-ൽ ആരോഗ്യവകുപ്പ് സെക്രട്ടറി കേന്ദ്ര സർക്കാരിനും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്കും ന്യൂനത പരിഹാര റിപ്പോർട്ട് നൽകിയിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള

സമയക്രമം പ്രകാരം ആദ്യഘട്ട അലോട്ട്മെന്റ് ജൂൺ 25-ന് മുമ്പായും അപ്രകാരം അലോട്ട്മെന്റ് ചെയ്ത കുട്ടികൾ ജൂലൈ 3-ാം തീയതിക്കുമുമ്പ് അതാത് കോളേജുകളിൽ പ്രവേശനം തേടേണ്ടിയിരുന്നു. മെഡിക്കൽ കൗൺസിലിന്റെ അന്തിമ തീർപ്പിനുവിധേയമായി താല്ക്കാലികമായാണ് മഞ്ചേരി മെഡിക്കൽ കോളേജിലെ അഡ്മിഷൻ നടത്തിയിട്ടുള്ളത്. 04.07.2013-ന് ആരോഗ്യവകുപ്പ് സെക്രട്ടറി മെഡിക്കൽ കൗൺസിലിനേയും കേന്ദ്രസർക്കാരിനേയും ചെയ്ത കാര്യങ്ങൾ നേരിട്ട് അറിയിക്കുകയും ചെയ്തു. അന്നേ ദിവസം ഡൽഹിയിലുണ്ടായിരുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയുമായി മഞ്ചേരി, ഇടുക്കി ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിന്റെ തുടർ അംഗീകാരത്തിനും കോഴിക്കോട് മെഡിക്കൽ കോളേജിലെ അധികമായി ലഭിച്ച 50 സീറ്റുകൾ തുടർ അംഗീകാരം ലഭ്യമാക്കുന്നതിനും ഇടുക്കിയിലെ പുതിയ മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ചും ഞാനും ആരോഗ്യവകുപ്പ് സെക്രട്ടറിയും കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുമായി ജൂലൈ 10, 11 തീയതികളിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. ആവശ്യമായ എല്ലാ രേഖകളും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനും കേന്ദ്ര സർക്കാരിനും ആരോഗ്യവകുപ്പ് സെക്രട്ടറി സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം പാലക്കാട് പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജിന്റെ കാര്യംകൂടി ഞാൻ പറയുകയാണ്. പാലക്കാട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്ന മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി എ. പി.

അനിൽകുമാറിന്റെ നിർദ്ദേശാനുസരണം പട്ടികജാതി വികസന വകുപ്പ് സെക്രട്ടറി ആവശ്യമായ രേഖകൾ മെഡിക്കൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ചു. ആ കോളേജിനുവേണ്ടിയും ആരോഗ്യ വകുപ്പുസെക്രട്ടറി അണ്ടർടേക്കിംഗ് നൽകുകയുണ്ടായി. 12.07.2014-ന് നടന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കുകയും തുടർ അംഗീകാരം നൽകി ഉത്തവ് പുറപ്പെടുവിക്കുന്നതിലുള്ള ശുപാർശയോടെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതായും അറിയുന്നു. കേന്ദ്രസർക്കാരിന്റെ ഉത്തരവ് കുറച്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽകൊണ്ടാണ് മഞ്ചേരിയിൽ അഡ്മിഷൻ നൽകിയതുൾപ്പെടെ പുതിയതായി 300 എം.ബി.ബി.എസ്. മെരിറ്റ് സീറ്റുകൾ ഈ വർഷം സംസ്ഥാനത്തിന് ലഭ്യമാകുന്നത്.

## <u>പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സി.എച്ച്.സി. ആയിരുന്ന ഈ ആശുപത്രി 01-03-2011-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും ഇതുവരെയും സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളതും കടലോര മേഖലയുൾപ്പെട്ടതുമായ 6 പഞ്ചായത്തിലെ ജനങ്ങൾ

ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഇന്ന് ആ ആശുപത്രിയിൽ 26 കിടക്കകൾ മാത്രമാണുള്ളത്. അത് 100 കിടക്കകളായി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഓപ്പറേഷൻ തീയേറ്ററിൽ ഉപയോഗിക്കുന്ന ആധുനിക ഉപകരണങ്ങൾ, Autoclave machine, ലബോറട്ടറി ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. നിലവിൽ ഒരു സിവിൽ സർജനാണ് സൂപ്രണ്ടിന്റെ ചുമതല നിർവ്വഹിക്കുന്നത്. താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും സൂപ്രണ്ടിന്റെ തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ല. ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ തസ്തികകളിൽ ഡോക്ടർമാരില്ല. അതിനുള്ള തീരുമാനം അടിയന്തരമായി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ആശുപത്രിയിൽ നേരത്തെയുള്ള രീതിയനുസരിച്ച്, കരിവള്ളൂർ, പുതിയങ്ങാടി ഫിഷറീസ്, പയ്യന്നൂർ അസംബ്ലി മണ്ഡലം, രാമന്തളി എന്നീ സെന്ററുകളിൽ ഡോക്ടർമാർ അവധിയാണെങ്കിൽ ഈ താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ സേവനമാണ് നൽകുന്നത്. ഇവിടത്തെ ഡോക്ടർമാരെയാണ് ഡിപ്ലോയ് ചെയ്യുന്നത്. അത് പലപ്പോഴും ആശുപത്രിയുടെ പ്രവർത്തനം തടസ്സമാക്കുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. നിലവിലുള്ള സൂപ്രണ്ടായി ചുമതല നിർവ്വഹിച്ചിരുന്ന സിവിൽ സർജൻ ഇപ്പോൾ അവിടെ നിന്നും മാറി പോയിരിക്കുകയാണ്. അതുകൊണ്ട് നിലവിൽ സൂപ്രണ്ടിന്റെ ചുമതല ആരും നിർവ്വഹിക്കുന്നില്ല. എത്രയും പെട്ടെന്ന് ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും സൂപ്രണ്ട് തസ്തിക തിരുമാനിക്കാനും ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തതിനും സത്വര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 01-03-2011–ൽ താലൂക്കാശുപത്രിയായി ഉയർത്തിയ 26 കിടക്കകളുള്ള ആശുപത്രിയിൽ പ്രതിദിനം ഒ.പി.–യിൽ 500 രോഗികളും ഐ.പി.–യിൽ 17 രോഗികളുമാണ് വരുന്നത്. ഈ ആശുപത്രിയുടെ കീഴിൽ മൊബൈൽ ഫിഷറീസ് മെഡിക്കൽ യൂണിറ്റ്, ഫാർമസി ലാബ്, അത്യാഹിത വിഭാഗം ഓഫീസ് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. 60 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കെട്ടിടങ്ങളുടെ പഴക്കം, അസൗകര്യം എന്നിവ ഈ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 13 ഡോക്ടർമാർ ഉൾപ്പെടെ 52 തസ്തികകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്. ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുള്ള തസ്തികകളിൽ 3 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. സിവിൽ സർജന്റെ തസ്തികയിലും നിയമനം നടത്തിയിട്ടുണ്ട്. നഴ്സുമാരുടെ ഒഴിവുകളൊന്നും നിലവിലില്ല. എൻ.ആർ.എച്ച്.എം. മുഖേന ഒരു നഴ്സിനെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. സർവ്വീസിൽ പി.ജി.–യുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.